# ഹാക്കത്തോൺ സമാപിച്ചു

**കരുനാഗപ്പള്ളി**

വള്ളിക്കാവ് അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിലെ സ്കൂൾ ഓഫ് കംപ്യൂട്ടിങ്ങിന്റെയും അമൃത ക്രിയേറ്റിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഒ ലാബ്സ് ഹാക്കത്തോൺ നാഷണൽ ലെവൽ ഗ്രാന്റ് ഫിനാലെ അമൃത കോർപറേറ്റ് ആൻഡ് ഇൻഡസ്ട്രി റിലേഷൻസ് വിഭാഗം ചെയർപേഴ്സൺ വിശ്വനാഥാമൃത ചൈതന്യ ഉദ്ഘാടനംചെയ്തു. സ്കൂൾ ഓഫ് കംപ്യൂട്ടിങ് അസോസിയേറ്റ് ഡീൻ പ്രേമ നെടുങ്ങാടി, സിഎസ്ഇ വിഭാഗം ചെയർപേഴ്സൺ ജെ സ്വാമിനാഥൻ, സിഎസ്ഇ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗം ചെയർപേഴ്സൺ എം ഗീത, അസിസ്റ്റന്റ് പ്രൊഫസർമാരായ പി കെ ബിനു, ദിവ്യ ഉദയൻ പങ്കെടുത്തു. വിവിധ ഭാഗങ്ങളിലുള്ള സർവകലാശാലകളിൽനിന്ന് ഇരുന്നൂറിലധികം ടീമുകൾ പങ്കെടുത്തു. നാഷണൽ ലെവൽ ഗ്രാന്റ് ഫിനാലെയിൽ അമരാവതി അമൃത സ്കൂൾ ഓഫ് എൻജിനിയറിങ്ങിനാണ് ഒന്നാംസ്ഥാനം ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തിപത്രവും സ്വന്തമാക്കിയത്.